അനുമതിയില്ല. അടിമാലി ഗ്രാമപഞ്ചായത്തിലെ കർമ്മൽ മാതാ സ്പെഷ്യൽ സ്കൂൾ സർക്കാർ/എയ്ഡഡ് മേഖലയിൽപ്പെടുന്ന സ്കൂളല്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത സ്കൂളിന് തുക അനുവദിക്കാൻ സാധിക്കാത്തത്.

(ബി) എം.എൽ.എ.-എസ്.ഡി.എഫ്-ന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയാൽ മാത്രമേ പ്രസ്തുത സ്കൂളിന് തുക അനുവദിക്കാൻ കഴിയുകയുള്ളൂ.

ബജറ്റിലെ പ്ലാൻ & നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക

135 (475)ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ ബഡ്ജറ്റിലെ പ്ലാൻ&നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക എത്ര ; 30-11-2014 വരെയുള്ള ചെലവ് എത്രയെന്നുള്ളതിന്റെ വിശദവിവരം നൽകുമോ ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ പദ്ധതി വിഹിതം വെട്ടിക്കുറിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്കായി ഓരോ ധനാഭ്യർത്ഥനയുടെ കീഴിലും പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2014 സെപ്റ്റംബർ മാസം വരെയുണ്ടായ ചെലവുകളുടേയും വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി അനുവദിച്ച പദ്ധതി വിഹിതങ്ങളിൽ കുറവൊന്നും വരുത്തിയിട്ടില്ല.

സാമ്പത്തിക സ്ഥിതി

136 (476) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി എന്താണ് എന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാർ നടപ്പുസാമ്പത്തിക വർഷം ഫിനാൻസ് ബില്ലിൽ ഉൾപ്പെടുത്തി നികുതി പിരിവ് നടത്തി വരവെ എത്തെല്ലാം നികുതി വർദ്ധനവ് ഓർഡിനൻസുകൾ വഴിയും മറ്റ് സർക്കാർ ഉത്തരവുകൾ വഴിയും പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിച്ചു, ഇനം തിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇത്തരം ഓർഡിനൻസുകൾ വഴിയും, മറ്റു സർക്കാർ ഉത്തരവുകൾ വഴിയും എത്ര കോടി രൂപയുടെ അധിക നികുതി പൊതുജനങ്ങളിൽ നിന്നും പരിച്ചെടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

(ഡി) 2011 മാർച്ചിൽ ട്രഷറികളിലെ നീക്കിയിരുപ്പ് തുക എത്രയെന്നും 2012 മാർച്ച് 31, 2013 മാർച്ച് 31, 2014 മാർച്ച് 31,2014 ഒക്ടോബർ 31 എന്നീ ദിവസങ്ങളിലെ നീക്കിയിരിപ്പ് തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) സാമ്പത്തിക പ്രതിസന്ധി മറികടക്കാനായി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എത്ര തുക സർക്കാരിന് തിരിച്ചു നൽകാൻ തീരുമാനിച്ചുവെന്നും ആയതു പ്രകാരം നാളിതുവരെ എത്ര തുക സർക്കാരിന് നൽകിയെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത തീരുമാനം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് റാങ്കുള്ളവർ എടുത്തതിനുശേഷം പ്രസ്തുത വ്യക്തികൾ ഓരോരുത്തരും വിദേശ യാത്ര, പുതിയ കാറുകൾ, യാത്രാപ്പടി, വീടുകളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി സംസ്ഥാന ഖജനാവിൽ നിന്നും എത്ര തുക വീതം കൈപ്പറ്റിയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2014 സെപ്റ്റംബർ 30 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 26263.79 കോടി രൂപയാണ്. ഈ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 22001.66 കോടി രൂപയെക്കാൾ 19.37% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 33040.77 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 24123.31 കോടി രൂപയേക്കാൾ 36.96% കൂടുതലാണ്. 2014 സെപ്റ്റംബർ 30 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 1771.95 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 30-11-2014-ൽ ട്രഷറി ബില്ലുകളിലായി 706.32 കോടി രൂപ നിക്ഷേപമുണ്ട്. നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി നൂറലാക്കി നിജപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ.(പി.) നം.409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 10-11-2014-ലെ സ.ഉ.(പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. 25-9-2014-ലെ സ.ഉ. (എം.എസ്.) നം.88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(സി) തീരുമാനങ്ങളുടെ ഫലമായി പ്രതീക്ഷിക്കുന്ന അധിക വരുമാനം ചുവടെ കൊടുത്തിരിക്കുന്നു :

ഇനം	തുക (കോടിൽ)
ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേലുള്ള നികുതി	1130
വൈൻ, ബിയർ	100
സിഗരറ്റ്	264
ഭൂനികുതി	78
തോട്ടം നികുതി	3
പെട്രോൾ, ഡീസൽ വില റവന്യൂ നൂറലാക്കിയത് മൂലം	112
ഭൂമിയുടെ ന്യായവില പുനർനിർണ്ണയം	520

LIBRARY ARCHIVES Kerala Legislative Assembly.

(ഡി)

വർഷം	തുക (കോടിൽ)
2011 മാർച്ച് 31	3513.72
2012 മാർച്ച് 31	2711.17
2013 മാർച്ച് 31	3200.77
2014 മാർച്ച് 31	758.56
2014 ഒക്ടോബർ 31	1302.65

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നിർദ്ദേശങ്ങൾ

137 (477) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നിർദ്ദേശങ്ങൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി വരികയുണ്ടായി ;

(ബി) അതിന്മേൽ മന്ത്രിസഭ എടുത്ത തീരുമാനങ്ങളും അതേ തുടർന്ന് പുറപ്പെടുവിച്ച ഉത്തരവുകളും ലഭ്യമാക്കാമോ ;

(സി) ഓരോ തീരുമാനത്തിന്റെ ഫലമായും തന്നാണ്ടിലെ ബഡ്ജറ്റിൽ കണക്കാക്കപ്പെട്ടതിന് പുറമെയുണ്ടാകുന്ന അധിക വരുമാനം എത്ര കോടി രൂപ വീതമാണെന്നുള്ളത് ഇനം തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിനായി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗറ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly